بسم الله الرحمن الرحيم

# ദൈവീക വെളിപാട്
## (Divine Revelation)

**(Divine Message Received on Thursday 24 October 2013 after Zuhr Prayer)**

**(2013 ഒക്ടോബർ 24 മധ്യാഹ്ന പ്രാർത്ഥനയ്ക്കുശേഷം ലഭിച്ചത്)**

പ്രവചനം പ്രകടമായ നിലയിൽ ഭൂകമ്പത്തെക്കുറിച്ചാണ് പറയുന്നത്. എന്നാൽ ഈ ഭൂമികുലുക്കത്തിന്റെ വിവരണം സൂചിപ്പിക്കുന്നത് മുഴുലോകത്തെയും ബാധിക്കുന്ന ഭൂമികുലുക്കത്തിന്റെ രൂപത്തിലുള്ള മഹാ വിപത്താണ് ഈ വിഷയത്തിലുള്ള മറ്റു വെളിപാടുകളും സൂചിപ്പിക്കുന്നത് ഭൂമികുലുക്കത്തിനുപരിയായ മഹാവിപത്താണ്. പ്രവചനം ഉൾക്കൊള്ളുന്ന തനിക്കു കിട്ടികൊണ്ടിരിക്കുന്ന വെളിപാടിനെ ഞാൻ അതേ രീതിയിൽ എഴുതുകയാണ്.

''ഒരു നൂതന ദൃഷ്ടാന്തം, ഒരു നൂതന ദൃഷ്ടാന്തത്തിന്റെ ആഘാതം''. അന്ത്യവിധി ദിനത്തെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള ഭൂകമ്പം. നിങ്ങളുടെ ജീവൻ രക്ഷിക്കുക. നിങ്ങൾക്കുവേിയാണ് ഞാൻ ആഗതനായിട്ടുള്ളത്. നിനക്കുവേണ്ടി നാം അനേകം ദൃഷ്ടാന്തങ്ങൾ കാണിക്കുന്നതാണ്. ലോകം പടുത്തുയർത്തുന്നതൊക്കെ നാം തകർക്കുന്നതാണ്. ഈ നൂറ്റാണ്ടിലെ അക്രമിയെ നാം നശിപ്പിക്കുന്നതാണ്; അവൻ എത്ര വലിയവനായാലും ശരി, എന്റെ ഖലീഫയ്ക്കെതിരിൽ പദ്ധതി തയ്യാറാക്കുന്നവനാണവൻ: പറയുക. ''എന്റെ സാക്ഷിയായി എനിക്ക് അല്ലാഹു ഉണ്ട്. നിങ്ങൾ വിശ്വസിക്കുന്നില്ലേ ?

''ഭാസുരമായ വിജയം, നമ്മുടെ വിജയം ഞാൻ നിന്റെയടുത്ത് സൈന്യവുമായി വരുന്നതാണ്: വളരെ പെട്ടെന്നു തന്നെ വരുന്നതാണ്. ( ഈ വെളിപാട് വീണ്ടും വീണ്ടും ആവർത്തിച്ചു കൊണ്ടിരുന്നു.) അതാ ഒരു പർവ്വതം തകരുന്നു. അതാ ഭൂകമ്പം വരുന്നു. അതാ ഒരഗ്നിപർവ്വതം പൊട്ടുന്നു. അറബികളുടെ വിശാല വീഥികൾ തകരുന്നു. അറബികൾ തങ്ങളുടെ ഭവനങ്ങൾ വിട്ടോടുന്നു. ഭവനങ്ങൾ അപ്രത്യക്ഷമാകുന്നു; എന്നെക്കുറിച്ചുള്ള എല്ലാ ചിന്തകളും അപ്രത്യക്ഷമായിരിക്കുന്നു. ആ നിശ്ചിത ദിനത്തിൽ ഭൂകമ്പങ്ങൾ ഒന്നിനു പുറകെ ഒന്നായി നിങ്ങൾ കാണും. ആ ദിനത്തിൽ ആധിപത്യം ഒരുവനുമാത്രമായിരിക്കും; നിർദ്ദയനായ ദൈവത്തിനു മാത്രം. ആ ഭൂകമ്പം മനുഷ്യർക്കുള്ള നാശം കൊണ്ടു വരുന്നു; ഗ്രാമങ്ങളും കൃഷിയിടങ്ങളും നശിപ്പിക്കപ്പെടുന്നു. നഗ്നനായ മനുഷ്യന് വസ്ത്രം ധരിക്കുവാനുള്ള സാവകാശം ലഭിക്കുന്നതല്ല. ആ ഭൂകമ്പം യാത്രക്കാർക്ക് മഹാ ക്ലേശത്തിനിടയാക്കും. അനേകർ ലക്ഷ്യമില്ലാതെ അലഞ്ഞുതിരിയും. ഭൂമിയിൽ വിഷാദം പടരും ; രക്തപ്പുഴ ഒഴുകും. താഴോരത്തുകൂടി ഒഴുകുന്ന പുഴകൾ രക്ത വർണ്ണത്തിലാകും. ആ മഹാവിപത്ത് ലോകം മുഴുവൻ ബാധിക്കും. വലിയവനെന്നും ചെറിയനെന്നുമില്ലാതെ എല്ലാ മനുഷ്യരെയും ബാധിക്കും. ഇതിന്റെ തീവ്രതയിൽ എല്ലാ ഭരണകൂടങ്ങളും തകരും. പക്ഷികൾ പോലും ഇതിന്റെ ദുരന്ത മനുഭവിക്കും. അവയുടെ ഇന്ദ്രീയശക്തി നഷ്ടമാകുകയും അവയുടെ മധുര ഗീതങ്ങൾ മറക്കുകയും ചെയ്യും.

വെളിപാടുകൾ തറപ്പിച്ചുപറയുന്നു. ആ ദിവസം സർവ്വശക്തനായ അല്ലാഹു ആയിരിക്കും സാർവ്വദേശീയ രാജാവ്. ശക്തരായ രാജ്യങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന ഒരു യുദ്ധത്തെക്കുറിച്ചാണ് ഇത് സൂചന നല്കുന്നത്. മഹാശക്തികൾ, പ്രവചന പ്രകാരം, ദുർബലരായി തീരുന്നതാണ്. അല്ലാഹുവിന്റെ അധീശത്വം, ശക്തമായ ദൃഷ്ടാന്തങ്ങളാൽ, വീും ഉറപ്പിക്കപ്പെടുന്നതാണ്.

അല്ലാഹുവിന്റെ ഖലീഫയുടെ സത്യത തെളിയിക്കുവാനുളള മറ്റൊരു ദൃഷ്ടാന്തം, ആ യുദ്ധം ആ ജല ധാരകളെ മനുഷ്യ രക്തത്താൽ ചുവപ്പണിയിക്കുകയും, മനുഷ്യ രക്തത്താൽ രക്ത നദിയായി തീരുകയും ചെയ്യുന്നതാണ്. ഇതാണ് സംഭവിക്കാൻ പോകുന്നത്. ആ സമയത്ത് രക്ത പ്രവാഹം തന്നെ ഉണ്ടാകുന്നതാണ്, ആ പ്രദേശത്തെ ജലധാരകളിലൂടെ മൈലുകളോളം രക്തമയമായിതീരുന്നതാണ്. പലഭാഗങ്ങളിൽ നിന്നും ശക്തമായ ആക്രമണം ഉണ്ടാകുന്നതാണ്; രക്ത നദികൾ ഒഴുകുന്നതാണ്. അല്ലയോ ഖലീഫത്തുല്ലാഹ് ! ആ വലിയ ഭൂകമ്പം പെട്ടെന്നു സമാഗതമാകുന്നതാണ്; വലിയ അക്രമിയുടെയും രു പുത്രിമാരുടെയും സ്ഥലത്തു നിന്നായിരിക്കും പെട്ടെന്നത് സംഭവിക്കുക. വലിയ വലിയ ഭൂകമ്പങ്ങൾ വളരെ പെട്ടെന്നു സംഭവിക്കുന്നതാണ്- അത് എല്ലാ മുസ്ലീംകളെയും അഹ്മദികളെയും പിടികൂടുന്നതാണ്; അവർ ദൈവീക ദൃഷ്ടാന്താങ്ങളെ അവഗണിച്ചതിനാലാണ്. അവർ നിർമ്മിച്ച അവരുടെ ജീവിതത്തിന്റെ അടിത്തറ തന്നെ തോന്നുന്നതാണ്.

ജമാഅത്തുസ്സഹീഹിൽ ഇസ്ലാം, സുരക്ഷിതത്വവും, ആത്മവിശ്വാസവും തുടരുന്നതാണ്. സമാധാനവും പുരോഗതിയും തുടർന്നുകൊണ്ടിരിക്കും. വിഷമിക്കണ്ട ! ആത്മീയസുതന്മാർ പെട്ടെന്നു തന്നെ വരുന്നതാണ്.

അല്ലാഹുവിന്റെ സന്ദേശം തുടർന്നുകൊണ്ടിരിക്കും. ഇപ്പോൾ ഇത് ഇവിടെ നിർത്തുന്നു. അനുഗ്രഹങ്ങൾ നേരുന്നു. അനുഗ്രഹങ്ങൾ നേരുന്നു ആയിരമായിം അനുഗ്രഹങ്ങൾ നേരുന്നു !

*Translated by:*
***R. Jamaludin Raother***
*Amir*
*Jamaat-Ul-Sahih-Al-Islam, Kerala*

*Ph: 9447001832 / 0475 2220223*
*Email : jamal.raother@gmail.com*
*www.jamaat-ul-sahih-al-islam.com*